ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ

351(3276) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വക ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റിൽ എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(ബി) അനധികൃതമായി ക്വാർട്ടേഴ്സുകളിൽ താമസിച്ചിരുന്ന എത്ര പേരെ 2014-ൽ ഒഴിപ്പിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിൽ ഒഴിപ്പിക്കപ്പെട്ട ക്വാർട്ടേഴ്സുകൾ പുനർവിതരണം നടത്തിയിട്ടുണ്ടോ ;

(ഡി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ ഇനി എത്രപേർക്ക് ക്വാർട്ടേഴ്സുകൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത വർക്കുകൾ

352(3277) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഓരോ പൊതുമരാമത്ത് പ്രവൃത്തികളുടെയും ടെണ്ടർ തുകയും ഇവ പൂർത്തീകരിച്ചതിനുശേഷം ഫൈനൽ ബിൽ തുകയും എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികൾ കൺസൂക്ഷൻ കോർപ്പറേഷൻ നേരിട്ടാണോ നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) അല്ലെങ്കിൽ ഏത് രീതിയിലാണ് ഈ പ്രവർത്തികൾ പൂർത്തീകരിച്ചതെന്നുള്ള വിശദാംശം പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly